**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6315** **20-03-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ വെര്‍ചല്‍ പ്രീ എക്സാമിനേഷന്‍ ട്രെയിനിംഗ് സെന്ററുകള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തില്‍ ജമീല** | | **ശ്രീ. കെ. രാധാകൃഷ്ണന്‍<br>(പട്ടികജാതി, പട്ടികവര്‍ഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാര്‍ലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയില്‍ വെര്‍ചല്‍ പ്രീ എക്സാമിനേഷന്‍ ട്രെയിനിംഗ് സെന്ററുകള്‍ സ്ഥാപിക്കാന്‍ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | അഭ്യസ്തവിദ്യരായ പട്ടികജാതി/പട്ടികവര്‍ഗ്ഗ/പിന്നാക്ക വിഭാഗ വിദ്യാര്‍ത്ഥികളെ വിവിധ മത്സരപരീക്ഷകള്‍ക്ക് പ്രാപ്തരാക്കുന്നതിനും നൈപുണ്യ പരിശീലനം നല്‍കുന്നതിനും മറ്റുമായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും വെര്‍ച്ച്വല്‍ പ്രീ-എക്സാമിനേഷന്‍ ട്രെയിനിംഗ് സെന്ററുകള്‍ ആരംഭിക്കുന്ന വിഷയം സര്‍ക്കാരിന്റെ പരിഗണനയിലാണ്.<br><br>വെര്‍ച്ച്വല്‍ പ്രീ-എക്സാമിനേഷന്‍ ട്രെയിനിംഗ് സെന്ററുകള്‍ ആരംഭിക്കുന്നതിനായി കുറഞ്ഞത് 50 വിദ്യാര്‍ത്ഥികള്‍ക്കെങ്കിലും ഒരേ സമയമിരുന്ന് ക്ലാസ്സ് കേള്‍ക്കുന്നതിന് പര്യാപ്തമായ ഹാള്‍/മുറി ഓരോ നിയോജക മണ്ഡലത്തിലും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 02/11/2022 തീയതിയില്‍ എല്ലാ MLAമാര്‍ക്കും വകുപ്പ് മന്ത്രി കത്ത് നല്‍കിയിരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത സെന്ററുകളിലൂടെ ഇതിനകം എത്ര വിദ്യാര്‍ത്ഥികള്‍ക്ക് ട്രെയിനിംഗ് ആരംഭിക്കാന്‍ സാധിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | (ബി) | അഭ്യസ്തവിദ്യരായ പട്ടികജാതി/പട്ടികവര്‍ഗ്ഗ/പിന്നാക്ക വിഭാഗ വിദ്യാര്‍ത്ഥികളെ വിവിധ മത്സരപരീക്ഷകള്‍ക്ക് പ്രാപ്തരാക്കുന്നതിനും നൈപുണ്യ പരിശീലനം നല്‍കുന്നതിനും മറ്റുമായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും വെര്‍ച്ച്വല്‍ പ്രീ-എക്സാമിനേഷന്‍ ട്രെയിനിംഗ് സെന്ററുകള്‍ ആരംഭിക്കുന്ന വിഷയം സര്‍ക്കാരിന്റെ പരിഗണനയിലാണ്.<br><br>വെര്‍ച്ച്വല്‍ പ്രീ-എക്സാമിനേഷന്‍ ട്രെയിനിംഗ് സെന്ററുകള്‍ ആരംഭിക്കുന്നതിനായി കുറഞ്ഞത് 50 വിദ്യാര്‍ത്ഥികള്‍ക്കെങ്കിലും ഒരേ സമയമിരുന്ന് ക്ലാസ്സ് കേള്‍ക്കുന്നതിന് പര്യാപ്തമായ ഹാള്‍/മുറി ഓരോ നിയോജക മണ്ഡലത്തിലും ലഭ്യമാക്കണമെന്ന് |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ട് 02/11/2022 തീയതിയിൽ എല്ലാ MLAമാർക്കും വകുപ്പ് മന്ത്രി കത്ത് നൽകിയിരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ